പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 523 02/12/2014- ലെ മറുപടിക്ക്

രാജ്യന്തര വിപണിയിലെ എണ്ണവില വർദ്ധന

| ചോദ്യം<br>ശ്രീമതി.കെ.എസ്.സലീഖ | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | രാജ്യാന്തര വിപണിയിൽ എണ്ണവില ഇടിഞ്ഞതിന്റെ ആശ്വാസം സംസ്ഥാനത്തെ ജനങ്ങൾക്ക് നൽകാതെ പെട്രോൾ, ഡീസൽ വിൽപന നികുതി സംസ്ഥാനത്ത് നികുതി വകുപ്പ് മുന്നറിയിപ്പില്ലാതെ 18/11/2014 അർദ്ധരാത്രി മുതൽ വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപെട്ടുവോ: | (എ) | 2014 നവംബർ മാസം ഒന്നാം തീയതി എണ്ണക്കമ്പിനികൾ പെട്രോളിന്റെ അടിസ്ഥാന വിലയിൽ 2.41 രൂപയുടെയും ഡീസലിന്റെ അടിസ്ഥാന വിലയിൽ 2.25 രൂപയുടെയും കുറവ് വരുത്തുകയുണ്ടായി. പ്രസ്തുത അവസരത്തിൽ പെട്രോളിന്റെ വിൽപന നികുതി നിരക്ക് 27.42 ശതമാനവും ഡീസലിന്റേത് 21.04 ശതമാനവും ആയിരുന്നു. അടിസ്ഥാന വിലയിൽ കുറവ് വരുത്തിയപ്പോൾ കുറവിന് മുമ്പ് ലഭിച്ചുകൊണ്ടിരുന്ന നികുതി സംരക്ഷിക്കാനായി 19.11.2014 തീയതി മുതൽ പെട്രോളിന്റെ നികുതി നിരക്ക് 28.72 ശതമാനമായും ഡീസലിന്റേത് 22.07 ശതമാനമായും ഉയർത്തിക്കൊണ്ട് പുന:ക്രമീകരിച്ചിട്ടുണ്ട്. അതിനാൽ, ഇപ്രകാരം നികുതി നിരക്കിലുണ്ടായ വർദ്ധനവ് വഴി എണ്ണക്കമ്പിനികൾ വിലകുറച്ചതിന് മുമ്പും പിമ്പുമായി താരതമ്യപ്പെടുത്തുമ്പോൾ, അധിക നികുതി ഭാരം ഈ ഉൽപന്നങ്ങൾക്ക് മേൽ ചുമത്തപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത വർദ്ധനവ് വഴി പൊതുജനങ്ങളിൽ നിന്നും പ്രതി മാസം എത്ര കോടി രൂപാ വീതം സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്, വിശദാംശം വ്യക്തമാക്കുമോ? | (ബി) | 2014 നവംബർ ഒന്നിന് എണ്ണക്കമ്പിനികൾ പെട്രോളിന്റെ അടിസ്ഥാന വിലയിൽ 2.41 രൂപയും ഡീസലിന് 2.25 രൂപയുമാണ് കുറച്ചിട്ടുള്ളത്. ഇതുവഴി പെട്രോളിന്റെ വിൽപന നികുതി വരുമാനത്തിൽ പ്രതിമാസം 9.16 കോടി രൂപയുടെയും ഡീസലിന്റെ വിൽപന നികുതിയിൽ പ്രതിമാസം 8.36 കോടി രൂപയുടെയും കുറവ് വരുമായിരുന്നു. വിലക്കുറവിനുമുമ്പ് ലഭിച്ചുകൊണ്ടിരുന്ന നികുതി വരുമാനം സംരക്ഷിക്കാനായി 19.11.2014 മുതൽ ഇവയുടെ നികുതി നിരക്ക് ഉയർത്തിക്കൊണ്ട് പുന:ക്രമീകരിക്കു കയുണ്ടായി. ഇപ്രകാരം നികുതി നിരക്കിലുണ്ടായ വർദ്ധനവ് വഴി എണ്ണക്കമ്പിനികൾ വിലകുറച്ചതിനു മുമ്പ് വിൽപന നികുതിയിനത്തിൽ ലഭിച്ചുകൊണ്ടിരുന്ന വരുമാനം നിലനിർത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. |
| സി) | പ്രസ്തുത വർദ്ധനവിലൂടെ ഒരു ലിറ്റർ പെട്രോളിനും, ഡീസലിനും എത്ര രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്, | (സി) | 1.11.2014 ന് എണ്ണക്കമ്പിനികൾ പെട്രോളിന്റെ വില കുറയ്ക്കുന്നതിന് മുമ്പ് നിലവിലുണ്ടായിരുന്ന റേറ്റിൽ വില |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ: | | (എറണാകുളം) ലിറ്ററിന് 69.70 രൂപയായിരുന്നു. വില കുറച്ചപ്പോൾ ഇത് 66.62 രൂപയായി. 19.11.2014 മുതൽ നികുതി നിരക്കിൽ പുനഃക്രമീകരണം നടത്തിയപ്പോൾ റീട്ടെയിൽ വില ലിറ്ററിന് 67.29 രൂപയായി. ഡീസലിന്റെ റീട്ടെയിൽ വില (എറണാകുളം) 1.11.2014 ന് മുമ്പ് ലിറ്ററിന് 59.04 രൂപയും എണ്ണക്കമ്പിനികൾ അടിസ്ഥാന വില കുറച്ചപ്പോൾ 56.31 രൂപയും ആയിരുന്നു. 19.11.2014 മുതൽ നികുതി നിരക്കിൽ പുനഃക്രമീകരണം വരുത്തിയപ്പോൾ റീട്ടെയിൽ വില ലിറ്ററിന് 56.78 ആയി മാറുകയുണ്ടായി. |
| (ഡി) | ഇത്തരത്തിൽ ഇന്ധന നികുതി വർദ്ധിപ്പിച്ചത് പുനഃപരിശോധിക്കാനും പ്രസ്തുത നികുതി വർദ്ധന പിൻവലിക്കാനും തയ്യാറാകുമോ, വിശദാംശം വ്യക്തമാക്കുമോ? | (ഡി) | പെട്രോൾ, ഡീസൽ എന്നിവയ്ക്ക് എണ്ണക്കമ്പിനികൾ വിൽക്കുന്ന വിലയുടെ ഒരു നിശ്ചിത ശതമാനമാണ് (**ad valorem**)നികുതിയായി നിശ്ചയിക്കുന്നത്. അല്ലാതെ ലിറ്ററിനുമേൽ വില എന്തുതന്നെയായാലും ഒരു നിശ്ചിത തുകയായിട്ടല്ല നികുതി ചുമത്തുന്നത്, ഇപ്രകാരം **ad valorem** അടിസ്ഥാനത്തിൽ നികുതി ചുമത്തുമ്പോൾ അടിസ്ഥാനവില കുറയുമ്പോൾ സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതിയിലും കുറവുണ്ടാകും. അതേപോലെ തന്നെ അടിസ്ഥാന വില കൂടുമ്പോൾ ലഭിക്കേണ്ട നികുതിയിൽ വർദ്ധനവുണ്ടാവുകയും ചെയ്യും. എണ്ണക്കമ്പിനികൾ / കേന്ദ്രസർക്കാർ വില കൂട്ടുമ്പോഴും കുറയ്ക്കുമ്പോഴും ഇത്തരം വ്യതിയാനം ഉണ്ടാകുന്നു.<br>വില വർദ്ധനയുടെ തോത് കൂടുതലായിട്ടുള്ള അവസരങ്ങളിൽ അത് റീട്ടെയിൽ വിലയിലുണ്ടാക്കുന്ന ഭാരം ലഘൂകരിക്കുവാനായി സംസ്ഥാന സർക്കാർ വില വർദ്ധനവുമൂലം ലഭിക്കുമായിരുന്ന അധിക നികുതി വേണ്ടെന്ന് വച്ചുകൊണ്ട് നികുതി നിരക്ക് കുറച്ച് ക്രമീകരണം നടത്തിയിട്ടുണ്ട്. അതേ പോലെ വിലക്കുറവിന്റെ തോത് കൂടുതലായ അവസരങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന റവന്യൂ വരുമാനം നിലനിർത്തുന്നതിനായി നികുതി നിരക്കിൽ വർദ്ധനവും വരുത്തിയിട്ടുണ്ട്. അതിനാൽ കൂടുതൽ നികുതി പിരിക്കുക എന്ന ലക്ഷ്യത്തോടെയല്ല നികുതി നിരക്ക് ഉയർത്തിയിട്ടുള്ളത്. ഇത് പുനഃപരിശോധിക്കേണ്ട സാഹചര്യം നിലവിലുള്ളതായി കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ